വീക്ഷണ വിശേഷം ●

സദാനന്ദ് മേനോൻ



# ഒരു 'വസ്ത്രാലങ്കാരനാടക'വും മാദ്ധ്യമങ്ങളും

**സെപ്തംബർ** 22 തിങ്കളാഴ്ച ഇന്ത്യൻ മാദ്ധ്യമചരിത്രത്തിന്റെ താളുകളിലെ അസാധാരണ ദിനമായിരുന്നു. നാണക്കേടിന്റെ ദിവസം എന്ന് അതിനെ വിളിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ആ ദിവസം, മാടുകളെപ്പോലെ ആട്ടിത്തെളിച്ച് കൊണ്ടുപോകപ്പെടാൻ പാകത്തിലുള്ള നമ്മുടെ മാദ്ധ്യമങ്ങളുടെ മനോഭാവം വെളിവാക്കപ്പെട്ടു. ഫോട്ടോഗ്രാഫുകൾ വന്ന വഴിക്ക് എടുത്തുപയോഗിക്കുകയും ദുരുപയോഗിക്കുകയും ചെയ്യുന്ന മനോഭാവം പ്രദർശിപ്പിച്ചത്.

കുറഞ്ഞത് എട്ട് മുഖ്യധാരാ ഇംഗ്ലീഷ് ദിനപത്രങ്ങളും (ടൈംസ് ഓഫ് ഇന്ത്യ, ദി ഇന്ത്യൻ-ന്യൂ ഇന്ത്യൻ എക്സ്പ്രസ്സുകൾ, ദി ഹിന്ദു, ദി ഹിന്ദുസ്ഥാൻ ടൈംസ്, ദി ഡെക്കാൻ ക്രോണിക്കിൾ) വടക്കും തെക്കും കിഴക്കും പടിഞ്ഞാറുമെല്ലാമുള്ള മിക്കവാറും ഭാഷാ പത്രങ്ങളും സമാനമായ ചിത്രങ്ങൾ യാതൊരു പരിശോധനയും കൂടാതെ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചു. ഏതെങ്കിലും ഒരു ഏജൻസി പടച്ച ഫോട്ടോകളായിരുന്നില്ല അവ. 'പൗര' ഫോട്ടോഗ്രാഫർമാരോ സർക്കാരോ നൽകിയവയുമായിരുന്നില്ല. പത്രങ്ങളുടെ സ്റ്റാഫ് ഫോട്ടോഗ്രാഫർമാരോ പത്രങ്ങൾ ഏർപ്പെടുത്തിയ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരോ എടുത്ത ചിത്രങ്ങളായിരുന്നു അവ. ഈ ദൃശ്യങ്ങൾ രാജ്യത്തങ്ങോളമിങ്ങോളമുള്ള ന്യൂസ് റൂമുകൾ ഉപയോഗിച്ച വിധമാണ് അദ്ഭുതകരമായത്.

ഡൽഹി സ്ഫോടനങ്ങളുമായി ബന്ധപ്പെട്ട് ഡൽഹിയിലെ ജാമിയാനഗറിൽനിന്ന് അറസ്റ്റ് ചെയ്യപ്പെട്ട മൂന്ന് കുറ്റാരോപിതരുടെയായിരുന്നു ആ ഫോട്ടോകൾ. ജാമിയാ മിലിയ സർവ്വകലാശാലയിൽ വിദ്യാർത്ഥികളാണ് അവരെന്നും റിപ്പോർട്ടുകൾ അവകാശപ്പെട്ടിരുന്നു.

ദുരൂഹമായത് ഈ ഫോട്ടോകളിലുള്ളത് തീർത്തും തിരിച്ചറിയാനാകാത്ത, തലയും മുഖവും തുണികൊണ്ട് സമൃദ്ധമായി മറച്ചിരിക്കുന്ന, മഫ്തിയിലും അല്ലാതെയുമുള്ള തോക്കുധാരികളായ പൊലീസുകാരുടെ അകമ്പടിയുള്ള മൂന്നു വ്യക്തികളാണെന്നതാണ്. എങ്കിലും ഇതു മാദ്ധ്യമങ്ങൾക്കു വേണ്ടി സംവിധാനം ചെയ്യപ്പെട്ട ഒരു ഫോട്ടോ ഓപ്പറേഷനാണെന്ന് വ്യക്തമാകും. ആരെയെങ്കിലും തിരിച്ചറിയാതിരിക്കാനായിരുന്നില്ല അത്. പകരം, കൃത്യമായും ഒരു പ്രത്യേകതരം സ്വബോധാരണ സൃഷ്ടിക്കാൻ തന്നെയായിരുന്നു. മൂന്നു കുറ്റാരോപിതരെയും അവരെ തിരിച്ചറിയാതിരിക്കാനെന്ന വണ്ണം പൊലീസ് ഒരേതരം പലസ്തീനിയൻ ഉറുമാലുകളെന്നോ അല്ലെങ്കിൽ കഫിയെ, അബായ, കസ്സാവ എന്നൊക്കെയോ അറിയപ്പെടുന്ന ശിരോവസ്ത്രം ധരിപ്പിച്ചിരിക്കുന്നു. അവരിൽ ആരുടെയും മുഖം കാണാനാകില്ലെങ്കിലും അവർ 'അറബ്', 'പശ്ചിമേഷ്യൻ' അല്ലെങ്കിൽ 'ഇസ്ലാമിക്' വംശജരാണെന്ന് ഏതൊരു സാധാരണ വായനക്കാരും മനസ്സിലാക്കാൻ അതു ധാരാളമായിരുന്നു. വംശീയ ചാപ്പകുത്തലിന്റെ (racial profiling)വളരെ വ്യക്തമായ ഉദാഹരണം!

നെറ്റിലൂടെ ഡോക്യുമെന്ററി

സംവിധായകനും ജാമിയാ നഗറിലെ താമസക്കാരനുമായ യൂസുഫ് സയ്യിദും രണ്ടു ദിവസത്തിനു ശേഷം ഹിന്ദുസ്ഥാൻ ടൈംസിൽ പ്രത്യക്ഷപ്പെട്ട ഒരു ചെറിയ കുറിപ്പും ചില ഗൗരവതരമായ ചോദ്യങ്ങൾ ഉയർത്തി. അറസ്റ്റ് ചെയ്യപ്പെട്ട മൂന്നു കുറ്റാരോപിതരും ഒരേ പോലെയുള്ള പുതുപുത്തൻ ബ്രാൻഡഡ് ഉറുമാലുകൾ സ്വന്തമാക്കാൻ ഇടവന്നതെങ്ങനെ? കൃത്യസമയത്ത് അവ പോക്കറ്റുകളിൽ നിന്നെടുത്ത് മുഖം മറയ്ക്കാനിട വന്നതെങ്ങനെ? വിമർശകർ ചോദിച്ചു. ഉടൻ തന്നെ അറസ്റ്റു ചെയ്യപ്പെട്ടേക്കാമെന്ന് വിചാരിച്ച്, എല്ലാവരും തങ്ങളെ 'ഇസ്ലാം ഭീകരരാ'ണെന്ന് തിരിച്ചറിഞ്ഞോട്ടെ എന്നു കരുതി, ഷോപ്പിങ്ങിനിറങ്ങി ഒരേ പോലെയുള്ളശിരോവസ്ത്രങ്ങൾ വാങ്ങിച്ചതാണെന്നതുപോലെ സാധാരണഗതിയിൽ വിവിധ കുറ്റങ്ങൾക്ക് അറസ്റ്റിലാകുന്ന പ്രതികൾ തങ്ങളുടെ തന്നെ കർച്ചീഫുകളോ കടം വാങ്ങിയ തൂവാലകളോ കറുത്ത തുണികളോ ആണ് മുഖം മറയ്ക്കാനായി ഉപയോഗിക്കു എന്ന് വിമർശകർ ചൂണ്ടിക്കാട്ടി. ഡൽഹി പൊലീസ് അവതരിപ്പിച്ചതുപോലെയുള്ള ഒരു വസ്ത്രാലങ്കാര നാടകം ഇതിനു മുമ്പ് ഉണ്ടായിട്ടില്ലെന്നു തോന്നുന്നു.

ഉടൻ വന്നു ഡൽഹി പൊലീസ് കമ്മീഷണറുടെ അമ്പരപ്പിക്കുന്ന വെളിപ്പെടുത്തൽ. പൊലീസ് തന്നെയാണ് കുറ്റാരോപിതരെ പലതും ദ്യോതിപ്പിക്കുന്ന തരത്തിൽ വസ്ത്രം ധരിപ്പിച്ചതെന്ന് അദ്ദേഹം സമ്മതിച്ചു. അതിലും ആശങ്കാജനകമായത് അറസ്റ്റു ചെയ്യപ്പെടുന്നവർക്കുവേണ്ടി ഇത്തരം വസ്ത്രങ്ങൾ 'ബൾക്കാ'യി ഡൽഹി പൊലീസ് വാങ്ങിച്ചിട്ടുണ്ടെന്ന വെളിപ്പെടുത്തലായിരുന്നു. തീർച്ചയായും അറസ്റ്റു ചെയ്യപ്പെടുന്ന ഓരോ വ്യക്തിക്കും ഇനി മുതൽ 'ഇസ്ലാമിക് ഭീകര' പ്രതിഛായ ലഭിക്കുകയും അങ്ങനെ മാദ്ധ്യമങ്ങൾക്കുള്ളിൽ അപകടകരമായ, അമർന്ന പ്രചാരണം നടക്കുകയും ചെയ്യും. അറപ്പുളവാകുന്നുണ്ടെങ്കിലും പൊലീസും അതിലെ വൃത്തികെട്ട കളികൾ കളിക്കുന്ന വിഭാഗവും ഇത്തരം നിന്ദ്യമായ രീതികൾക്ക് മടിക്കുന്നവരല്ലെന്ന് മിക്കവാറും പേർക്കും അറിയാം.

## മാദ്ധ്യമങ്ങൾ കെണിയിലായപ്പോൾ

മനസ്സിലാകാത്തത് മാദ്ധ്യമങ്ങൾ എങ്ങനെ ഈ കെണിയിൽ കൂട്ടമായി വീണുവെന്നതാണ്. ഒരു ചോദ്യചിഹ്നമോ സംശയമോ ഇല്ലാതെ ഈ പടങ്ങൾ സ്വീകരിക്കുകയും തങ്ങളുടെ പൂമുഖപ്പേജുകളിൽ പ്രദർശിപ്പിക്കാനും തയ്യാറായതാണ്.

ഇത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചിട്ടില്ലാത്തവർക്കായി ഈ ചോദ്യം അൽപം വ്യത്യസ്തമായി അവതരിപ്പിക്കാം. മാദ്ധ്യമങ്ങളിലെ ചിത്രങ്ങളുടെ ഉപയോഗവു(ദുരുപയോഗവും)മായി ബന്ധപ്പെട്ട സങ്കൽപനപരമായ പ്രശ്നങ്ങളുമായാണ് അതിനു ബന്ധം. ഓരോ ദിവസവും പതിനായിരക്കണക്കിന് ഫോട്ടോകളിലേക്കാണ് ക്ലിക്ക് ചെയ്യപ്പെടുന്നത്. ഇവയിൽ സാമാന്യബുദ്ധിയനുസരിച്ചും വാർത്താമൂല്യം, വാർത്താ പ്രസക്തി, എന്നിവയുടെയൊക്കെ അടിസ്ഥാനത്തിലുള്ള ഏറെക്കുറെ പൂർണ്ണമായ കേവലയുക്തി അനുസരിച്ചും ഉദ്ദേശം അഞ്ഞൂറു മുതൽ ആയിരം വരെ ചിത്രങ്ങൾ മാദ്ധ്യമങ്ങൾ ഉപയോഗത്തിനായി തിരഞ്ഞെടുക്കുന്നു. അതിനു ശേഷം ശക്തമായ എഡിറ്റോറിയൽ മുൻഗണനകളെ ആശ്രയിച്ചാണ് ഒരു ഫോട്ടോഗ്രാഫ് പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. പ്രത്യേകിച്ചും ഒന്നാം പേജിൽ.

പൂമുഖപേജിലെ ഫോട്ടോയ്ക്ക് അച്ചടിമാദ്ധ്യമ ലോകത്ത് സവിശേഷമായ അന്തസ്സുണ്ട്. തങ്ങളുടെ പ്രാഥമിക പരിഗണനയെന്തെന്ന് ഒരു ദിനപത്രമോ പ്രദേശമോ അല്ലെങ്കിൽ ഒരു രാഷ്ട്രമോ സംസ്കാരമോ വിഭാവന ചെയ്യുന്നതെന്താണെന്ന് ഒറ്റനോട്ടത്തിൽ വെളിവാക്കുന്നതാണെന്നാണ് വയ്പ്പ്. ആ ദിവസത്തെ വാർത്തയ്ക്ക് ഒരു ദൃശ്യത്തെളിമ അല്ലെങ്കിൽ പിന്തുണ രൂപപ്പെടുത്തുന്നു ആ ചിത്രം. എങ്ങനെ വായനക്കാർ വാർത്താധ്യാനത്തിലേക്കു പ്രവേശിക്കണമെന്നും അവർ എങ്ങനെ സംവേദനം നിർവഹിക്കണമെന്നും അത് വരച്ചുകാട്ടും. വളരെ അപൂർവ്വമായി മാത്രമേ ഒന്നാം പേജിൽ സമാനചിത്രങ്ങൾ നമ്മൾ കാണാറുള്ളു. എഡിറ്റോറിയൽ നിലപാടിലും സംഭവങ്ങളെ വ്യാഖ്യാനിക്കുന്നതിലും വ്യത്യസ്തത പുലർത്തുന്നത് ജനാധിപത്യ മാദ്ധ്യമമാതൃകയുടെ കരുത്തും മഹത്വവുമാണെന്ന് കരുതപ്പെടുന്നു. അത് വ്യത്യസ്തതയെയും വൈവിദ്ധ്യത്തെയും വൈരുദ്ധ്യത്തെയും ഗുണങ്ങളായി കാണുന്ന മാദ്ധ്യമങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ മത്സരമെന്ന സങ്കൽപത്തിന്റെ ഭാഗവുമാണ്. അതായത് ഒരു വാർത്തയോ ചിത്രമോ മാദ്ധ്യമങ്ങളിൽ ഒരു വിഭാഗം മുഖസ്തുതിയായി നൽകുമ്പോൾ മറ്റൊരു വിഭാഗം അതിനെ വിമർശനപരമായി ഉപയോഗിച്ചേക്കാം.

അതിനാലാണ് ഒരു വലിയ വിഭാഗം ദേശീയ മാദ്ധ്യമങ്ങൾ ഒരേ ചിത്രം ഒന്നാം പേജിൽ യാതൊരു വിമർശനാത്മക പരാമർശങ്ങളോ ചോദ്യങ്ങളോ ഇല്ലാതെ ഉപയോഗിക്കുമ്പോൾ അവിടെ പ്രത്യയശാസ്ത്രത്തിന്റെ ഓപ്പറേഷൻ നാം മണക്കുന്നത്. അതു മറ്റൊന്നുമല്ല; ഒരു വർഗത്തിന്റെയോ നിമിഷത്തിന്റെയോ ആശയങ്ങളുടെ - ചില മേൽക്കോയ്മയെയോ ആശയങ്ങളെയോ വിവരവും അർത്ഥവും ഉൽപാദിപ്പിക്കുന്ന അധികാരഘടനകളെ സൂചിപ്പിക്കുന്ന ആശയങ്ങൾ- കണ്ണുമടച്ചുള്ള വെട്ടിവിഴുങ്ങലാണത്.

എന്നെ പിടിച്ചുലച്ച ഒന്നാണിത്. സെപ്തംബർ 21-ന്റെ വൈകുന്നേരം ഇന്ത്യയിലെ ഏറ്റവും മികച്ച പത്രങ്ങളുടെ ന്യൂസ് റൂമുകളിൽ, ഒരു സ്വതന്ത്ര മാദ്ധ്യമത്തിനു ചേർന്നവിധം നിഷ്പക്ഷമായി ഈ ഫോട്ടോഗ്രാഫിനെ 'വായിക്കാനോ' പരിശോധിക്കാനോ ഒരു എഡിറ്റോറിയൽ ചർച്ച പോലും തിരഞ്ഞെടുത്തില്ലെന്നതിൽ. പകരം അടിയന്തരാവസ്ഥക്കാലത്ത് അതിന്റെ ഭീകരമായ സെൻസർഷിപ്പിന്റെ കീഴിൽ പോലുമുണ്ടായിട്ടില്ലാത്ത വിധമാണ് ഇന്ത്യൻ മാദ്ധ്യമങ്ങൾ പെരുമാറിയത്. തങ്ങളുടെ തന്നെ മുൻവിധികൾക്കും വർഗീയ മനോഭാവത്തിനും ഇരകളായി പതിക്കുകയായിരുന്നു അവർ. നാസി പ്രചാരണയന്ത്രത്തിനു പോലും ഇത്രയും വിജയിക്കാനായിട്ടുണ്ടാവില്ല. തീർച്ചയായും ഇന്ത്യൻ മാദ്ധ്യമങ്ങൾ ആ വാർത്ത അവതരിപ്പിക്കുകയും വർണം ചാലിക്കുകയും വിശകലനം ചെയ്യുന്ന ചട്ടക്കൂട് പുനഃപരിശോധിക്കേണ്ടതുണ്ട്. കൂട്ടത്തോടെയുള്ള ഒഴിഞ്ഞുമാറലിന്റെ ഇത്തരം തെളിവുകൾ ഗൗരവതരമായ വീഴ്ചയാണ്. അത് നിശിതമായി പരിശോധിക്കുകയും തിരുത്തലുകൾ നടത്തുകയും വേണം. വാസ്തവത്തിൽ പ്രസ് കൗൺസിലിനു മുന്നിലെത്തിക്കേണ്ട സംഭവമാണിത്. നാണം, ഒരൽപം നാണമാണ് മാദ്ധ്യമങ്ങൾക്കു തോന്നേണ്ടത്. കാരണം മാർക്സ് പറഞ്ഞതുപോലെ ലജ്ജ ഒരു വിപ്ലവകരമായ വികാരമാണ്. ■

പരിഭാഷ: കെ.എസ് ഇന്ദുശേഖർ

(*സമകാലിക മലയാളം* വാരിക 2008 ഒക്ടോബർ 3)